സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ്

ദേവസ്വം ബോർഡ് ഹെഡ്ക്വാർട്ടേഴ്സ് നന്തൻകോട് കവടിയാർ. പി. ഒ. തിരുവനന്തപുരം 695003
E mail :tdblawsec@yahoo.in

ROC.No.7922/2021/Suit.

ദേവസ്വം ബോർഡാഫീസ്,
തിരുവനന്തപുരം,
തീയതി: 24.09.2021.

## സർക്കുലർ

ദേവസ്വം ബോർഡു വക വാടകക്കെട്ടിടങ്ങളിലെ വാടകക്കാർക്ക് വാടക വർദ്ധിപ്പിക്കുന്നതിനും പുതുക്കിയ വാടകക്കരാറിൽ ഏർപ്പെടുന്നതിനുമായി അതാത് അസി: കമ്മിഷണർമാർ, ദേവസ്വം അഡ്വക്കേറ്റ് ലോ ആഫീസർ എന്നിവരുമായി ആലോചിക്കാതെ നോട്ടീസ് അയക്കുന്നതുമൂലം പിന്നീട് അഡ്വക്കേറ്റു മുഖാന്തിരം നോട്ടീസ് അയക്കുന്നതിനോ കേസ് ഫയൽ ചെയ്യുന്നതിനോ സാധിക്കാതെ വരുന്നതായി ബോർഡിന്റെ ശ്രദ്ധയിൽപ്പെട്ടു.

ബോർഡ് ഈ വിഷയം വിശദമായി പരിശോധിച്ചു. ദേവസ്വം ബോർഡിന്റെ കീഴിലുള്ള വാടകകെട്ടിങ്ങൾ ഒഴിപ്പിക്കുന്നതിനോ, പുതുക്കിയ വാടക എഗ്രിമെന്റ് വെക്കുന്നതിനോ മറ്റ് ഏതെങ്കിലും കക്ഷികൾക്ക് സ്റ്റാറ്റ്യൂട്ടറി നോട്ടീസ് അയയ്ക്കേണ്ടതായി വരുന്ന സന്ദർഭത്തിൽ അതാത് അസി: കമ്മീഷണർമാരോ, മറ്റ് ഏതെങ്കിലും ഉദ്യോഗസ്ഥരോ സ്വന്തം നിലയിൽ നോട്ടീസ് അയക്കുവാൻ പാടില്ലാത്തതാകുന്നു. ഇപ്രകാരം, ലീഗൽ നോട്ടീസ് അയക്കേണ്ടി വരുന്ന സാഹചര്യത്തിൽ ദേവസ്വം അഡ്വക്കേറ്റുമായോ, ലോ ആഫീസറുമായോ ആലോചിച്ചു മാത്രമേ നോട്ടീസ് നൽകാവു എന്ന് അറിയിക്കുന്നു.

ദേവസ്വം ബോർഡിനുവേണ്ടി,
Gayathidevi
സെക്രട്ടറി.